സി.പി.(2) 37958/11.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 14.8.2013.

## സർക്കുലർ നമ്പർ. 54/13.

വിഷയം. സഹകരണനിയമം 70–ാം വകുപ്പു പ്രകാരം അവാർഡു നൽകുന്നതിലെ അപാകതകൾ സംബന്ധിച്ച്.

പരാമർശം. സഹകരണസംഘം രജിസ്ട്രാറുടെ 10.2.1986–ലെ 8/86 നം. സർക്കുലർ.

കേരള സഹകരണ നിയമത്തിലെ 69–ാം വകുപ്പനുസരിച്ച് രജിസ്ട്രാറുടെ തീരുമാനത്തിനുവേണ്ടി സമർപ്പിക്കപ്പെടുന്ന തർക്കങ്ങൾ വിചാരണ ചെയ്യുന്നതിലും തീർപ്പു കൽപ്പിക്കുന്നതിലും സൂചന പ്രകാരം നൽകപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ലെന്നും തർക്കങ്ങളിൻമേൽ കൽപ്പിക്കുന്ന തീർപ്പ് പലപ്പോഴും അച്ചടിപ്പിച്ച ഒരു ഫോറം പൂരിപ്പിക്കൽ മാത്രമായി തീർന്നിരിക്കുന്നു എന്നു കാണുന്നു. അവാർഡ് കൽപ്പിക്കുന്നതിന് ഒരു നിശ്ചിത ഫോറമുണ്ട് എന്നു പോലും ചിലപ്പോഴെങ്കിലും തെറ്റിദ്ധരിച്ചിരിക്കുന്നതായി കാണുന്നു. വായ്പ എടുത്തിട്ടില്ലെന്നോ അല്ലെങ്കിൽ വായ്പ മുഴുവൻ അടച്ചു തീർത്തു പോയി എന്നോ തർക്കിക്കുന്ന കേസുകളിൽ പോലും ഫോറം പൂരിപ്പിച്ച് തെളിവുകൾ ഒന്നും വിശകലനം ചെയ്യാതെ " . . . . . . തീയതി വിചാരണയ്ക്കെടുത്തു പ്രതികൾ ഹാജരായിരുന്നു, വാദികളെയും, പ്രതികളെയും വിസ്തരിച്ച്, എ.ബി.സി. അക്കപ്രമാണങ്ങൾ തെളിയിച്ച് രേഖപ്പെടുത്തി, അന്യായം തെളിഞ്ഞിരിക്കുന്നു" എന്ന് അവാർഡുകൾ പാസ്സാക്കുന്നതായിട്ടാണ് കണ്ടു വരുന്നത്. ഇപ്രകാരമുള്ള വിധികൾ അപ്പീലിൽ അസ്ഥിരപ്പെട്ടുപോകുമെന്നതിന് സംശയമില്ലെന്നിരിക്കെ കേസുകളിൽ ഹാജരാക്കപ്പെട്ടിട്ടുള്ള തെളിവുകൾ (വായ്മൊഴികളും പ്രമാണങ്ങളും) ശരിയായി വിശകലനം ചെയ്ത് ഓരോ തർക്കവിഷയവും (issues) സംബന്ധിച്ച തീരുമാനം എടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേസ് തീർപ്പു കൽപ്പിക്കുകയുമാണ് വേണ്ടത്. അപ്രകാരമുള്ള അവാർഡിന്/ഉത്തരവിന്/ തീർപ്പിന് അനുബന്ധമായി പ്രതികൾ അവരുടെ ഭാഗത്തു നിന്നും വിസ്തരിച്ച സാക്ഷികളുടെ/വിവരങ്ങളുടെ/രേഖകളുടെ ഒരു ലിസ്റ്റും ചേർത്തിരിക്കേണ്ടതാണ്. കേരള സഹകരണ ചട്ടം 68–ൽ അനുശാസിക്കുന്ന ഒരു അവാർഡ് /ഉത്തരവ് അല്ലെങ്കിൽ തീരുമാനം മുൻകൂട്ടി കക്ഷികളെ അറിയിച്ച് അവരുടെ സാന്നിദ്ധ്യത്തിൽ ആഫീസ് സമയത്ത് പ്രഖ്യാപിക്കേണ്ടതാണ്. കേരള സഹകരണ നിയമം വകുപ്പ് 70 അനുസരിച്ച് നിയമിതനായ മദ്ധ്യസ്ഥൻ, അദ്ദേഹം പാസ്സാക്കുന്ന അവാർഡിന്റെ രണ്ട് പ്രതികൾ (In duplicate) കേസ് ഫയലിനൊപ്പം രജിസ്ട്രാർക്ക് അയച്ചു കൊടുക്കേണ്ടതും അവാർഡിന്റെ /ഉത്തരവിന്റെ/തീരുമാനത്തിന്റെ ഒരു പകർപ്പ്, തന്റെ സീൽ പതിച്ച ശേഷം രജിസ്ട്രാർ, വാദിയ്ക്ക് രജിസ്റ്റേർഡ് പോസ്റ്റിൽ അയച്ചു കൊടുക്കേണ്ടതുമാണ്. വിധി പ്രഖ്യാപിക്കുന്ന അവസരത്തിൽ പ്രതി/പ്രതികൾ ഹാജരില്ലെങ്കിൽ അവാർഡിന്റെ/ഉത്തരവിന്റെ തീരുമാനത്തിന്റെ ഒരു രത്നചുരുക്കം പ്രതിയ്ക്ക്/പ്രതികൾക്ക് പോസ്റ്റുവഴി അയച്ചു കൊടുക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ നിലവിലുണ്ടെങ്കിലും, ആർബിട്രേറ്റർമാർ കക്ഷികൾക്ക്

നോട്ടീസോ സമൻസോ ഒരു അവസരമോ അറിയിപ്പോ മറ്റോ നൽകാതെ അവ്യക്തവും വായനായോഗ്യവുമല്ലാത്ത അവാർഡുകൾ നൽകുന്നതായി ആക്ഷേപങ്ങൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സഹകരണ നിയമം 70 വകുപ്പനുസരിച്ച് നിയമിക്കപ്പെടുന്ന മദ്ധ്യസ്ഥൻ, സഹകരണ നിയമത്തിലെ വ്യവസ്ഥകളും സഹകരണ സംഘം രജിസ്ട്രാറുടെ 8/86 നമ്പർ സർക്കുലറിലെയും ഈ സർക്കുലറിലെയും വ്യവസ്ഥകളും, പൂർണ്ണമായും പാലിച്ചു കൊണ്ട് അവാർഡുകൾ നൽകേണ്ടതും ആയത് വ്യക്തവും വായനായോഗ്യവുമായിരിക്കേണ്ടതും എഴുതിയോ, കമ്പ്യൂട്ടർ പ്രിന്റായോ നൽകേണ്ടതുമാണ്.

ടി നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പു ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

**(ഒപ്പ്),**
**കെ.ഗോപാലകൃഷ്ണ ഭട്ട്. ഐഎഎസ്,**
**സഹകരണസംഘം രജിസ്ട്രാർ .**